ഇഹ്സാൻ

# ചോരവീഴ്ത്താതെ വരുമോ ഒരു റിപ്പബ്ലിക് ദിനം?

**പതിവുപോലെ** ഇക്കൊല്ലത്തെ റിപ്പബ്ലിക് ദിനത്തിലും രണ്ട് മനുഷ്യക്കോഴികളെ ദൽഹിക്കു സമീപം പോലീസ് നേർച്ചയാക്കി. ഭീകരാക്രമണം സംഘടിപ്പിക്കാനായി അവർ പാകിസ്താനിൽനിന്നും കാറിൽ വരികയായിരുന്നുവത്രെ. സമ്മതിക്കണം പോലീസിന്റെ ഈ മിടുക്ക്! അവരുടെ ജാഗ്രത ഇല്ലായിരുന്നുവെങ്കിൽ കാണാമായിരുന്നു ലശ്കറെ ത്വയ്യിബക്കാരന്റെ കലാശം. പക്ഷേ എന്തുചെയ്യാം? പറഞ്ഞു വരുമ്പോൾ ഇന്ത്യക്കാരനും അവന്റെ പോലീസും ഈ നാംപേച്ചിക്ക് മരപ്പട്ടി കൂട്ട് എന്നു പറഞ്ഞതുപോലെയാവുകയാണ്. പൊതുജന മനസ്സാക്ഷി എന്ന നിഷ്ക്രിയതയുടെയും നിസ്സംഗതയുടെയും കുഷ്ഠത്തിലേക്ക് ഇനിയുമെവിടെ കുത്താൻ? എല്ലാ പ്രതികരണശേഷിയും അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. പാകിസ്താനിൽനിന്നും ഹെലികോപ്റ്ററിൽ പുറപ്പെട്ട ഇവർ ദൽഹിയിലേക്ക് പാരച്ച്യൂട്ടിൽ ഇറങ്ങിയെന്നു പറഞ്ഞാലും ജനം വിശ്വസിക്കും. അവരുടെ കൈയിൽനിന്നും കണ്ടെടുത്തത് ആർ.ഡി.എക്സല്ല ആറ്റംബോംബായിരുന്നുവെന്ന് പറഞ്ഞാലും അതും വാ പൊളിച്ച് കേട്ടുനിൽക്കും. വെടിയേറ്റു മരിച്ചവന്റെ കീശയിൽ അവന്റെ പാകിസ്താനിലെ റേഷൻ കാർഡ് ഉണ്ടായിരുന്നുവെന്ന് പറഞ്ഞാലും നമുക്കതിൽ പന്തികേട് തോന്നുകയില്ല. തിരുവായ്ക്ക് എതിർവായ് പറയാനാവാത്ത പോലീസുകാരും ഭാരതമാതാവിന്റെ പുരുഷരൂപങ്ങളായ രാഷ്ട്രീയക്കാരുമല്ലേ ഈ ഞെട്ടിക്കുന്ന സത്യങ്ങൾ വെളിപ്പെടുത്തുന്നത്. എങ്ങനെ തള്ളിക്കളയാനൊക്കും? ഭരണഘടനയിൽ തൊട്ടു സത്യം ചെയ്യുന്നവരല്ലേ അവർ?

ഏറ്റുമുട്ടൽ കൊലപാതകങ്ങൾ സംഘടിപ്പിക്കുന്നതിൽ ഒരു വിശ്വാസ്യതയുമില്ലാത്ത ഉത്തർപ്രദേശ് പോലീസാണ് ഇക്കുറി രാജ്യരക്ഷക്കെത്തിയത് എന്നതാണ് കൂടുതൽ അത്ഭുതകരം. ഇത്തരം സംഭവങ്ങൾ സംഘടിപ്പിച്ചാൽ എന്തുപറയണം എന്നതിനെ കുറിച്ച് ഇവർക്ക് വേണ്ടത്ര സ്റ്റഡീക്ലാസുകൾ കൊടുക്കാത്തതിന്റെ ഒറ്റ കുഴപ്പം മാത്രമേയുള്ളൂ. ബാക്കിയെല്ലാം ക്ലീൻ ക്ലീൻ. ഗാസിയാബാദിൽ ഒരു ചായക്കടക്കു സമീപം കാർ നിർത്തി വഴിചോദിക്കുമ്പോൾ ഇവരുടെ ബാഗിൽനിന്നും എ.കെ 47ന്റെ കുഴൽ പുറത്തേക്കു കാണാമായിരുന്നുവത്രെ. കണ്ടത് മറ്റാരുമല്ല, പോലീസിന്റെ ഒരു ചാരനായത് തികഞ്ഞ യാദൃഛികത! അങ്ങനെയാണ് പോലീസ് പിന്തുടരാൻ ആരംഭിച്ചത്. പാകിസ്താൻ സ്വദേശികളാണ് എന്നതിന് എല്ലാവരും പോക്കറ്റിൽ തന്നെ തെളിവ് കരുതിയിരുന്നു. മാത്രമല്ല മരിക്കുന്നതിന് തൊട്ടുമുമ്പ് അവരിലൊരാൾ താൻ പാകിസ്താനിലെ അകാറ സ്വദേശി ഫാറൂഖ് ആണെന്ന് പോലീസിനോട് വ്യക്തമാക്കുകയും ചെയ്തു. ഇതിനകം പ്രാണൻവെടിഞ്ഞ സുഹൃത്തിന്റെ പേര് അബൂ ഇസ്മാഈൽ ആണെന്നും അയാളുടെ സ്വദേശം റാവൽകോട്ട് ആണെന്നും ഫാറൂഖ് പറഞ്ഞത്രെ. എന്തുചെയ്യാനൊക്കും? പോലീസിനല്ലാതെ മറ്റാർക്കും ഇതൊന്നും കേൾക്കാൻ അവസരമില്ലാതായിപ്പോയി! അർധരാത്രി 2.15ന്, അതും പകൽസമയത്തുപോലും ആളനക്കമില്ലാത്ത നോയിഡയിലെ 97ാം സെക്ടറിനു സമീപത്തെ കുറ്റിക്കാടുകൾക്കിടയിലാണല്ലോ സംഭവം നടക്കുന്നത്. ഈ നട്ടപ്പാതിര നേരത്ത്, കൃത്യമായ ഇന്റലിജൻസ് വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇവരെ ഉറക്കമിളച്ച് കാത്തിരുന്ന് വെടിവെച്ചുവീഴ്ത്തിയ എല്ലാവർക്കും ഓരോ അശോകചക്രം തന്നെ കൊടുത്ത് ആദരിക്കുന്നതിനെ കുറിച്ച് ആഭ്യന്തരമന്ത്രിക്ക് ആലോചിക്കാവുന്നതാണ്.

മുംബൈ സംഭവത്തിനു ശേഷം ഇന്ത്യയും പാകിസ്താനും ഒരു യുദ്ധത്തിന്റെ വക്കിൽനിന്നും കഷ്ടിച്ച് രക്ഷപ്പെടുകയാണുണ്ടായത്. എന്നാൽ പാകിസ്താനിൽനിന്നും ഇന്ത്യയിലേക്ക് തീവ്രവാദികളെ കയറ്റി അയക്കരുതെന്ന ഇന്ത്യയുടെ ഉഗ്രശാസനം നിലനിൽക്കുന്നുണ്ടായിരുന്നു. അതിനെ കാൽക്കാശിന് വകവെക്കാതെ വീണ്ടും പാക് കേന്ദ്രീകൃത തീവ്രവാദികൾ ഇന്ത്യയിൽ എത്തിച്ചേർന്നു എന്നല്ലേ ഇപ്പോഴത്തെ സംഭവത്തിന്റെ അർഥം? പോലീസ് പറയുന്നത് കൊല്ലപ്പെട്ട ഭീകരന്റെ കൈയിൽ പാകിസ്താനി പാസ്പോർട്ട് ഉണ്ടായിരുന്നുവെന്നാണ്. മുംബൈ സംഭവത്തിന്റെ മുറിവുകളുണങ്ങും മുമ്പെ പാക് ഭീകരർ മറ്റൊരു ആക്രമണത്തിനായി ഇന്ത്യയിൽ എത്തിച്ചേരുകയും പോലീസിന്റെ മിടുക്കുകൊണ്ട് രാജ്യം രക്ഷപ്പെടുകയുമാണല്ലോ ഉണ്ടായത്. ലക്ഷ്യം പാളിയെങ്കിലും കുറ്റം ഇല്ലാതായിട്ടില്ല. എന്നിട്ടെന്തേ പ്രണബ്കുമാർ മുഖർജിയും ആന്റണിയും കൈയുംകെട്ടി നോക്കിനിൽക്കുന്നു? പോലീസ് മേധാവികൾക്കപ്പുറം ഇന്ത്യൻ ഭരണകൂടത്തിന്റെ ഉന്നതരാരും ഈ വിഷയത്തെ കുറിച്ച് പ്രതികരിക്കാത്തതെന്ത്? തീർച്ചയായും അവർ പ്രതികരിക്കേണ്ട വിഷയമാണല്ലോ ഇത്. മാധ്യമങ്ങൾക്കുമില്ലേ ഒരുതരം അസുഖകരമായ നിലപാട്? എ.കെ 47 തോക്കും ബോംബും മറ്റുമായി റിപ്പബ്ലിക്ദിനത്തിന്റെ തലേദിവസം ദൽഹിക്കു സമീപം വരെ എത്തിച്ചേരുകയും എന്നിട്ട് പോലീസുമായി ഏറ്റുമുട്ടി മരിക്കുകയും ചെയ്ത ഭീകരരെ കുറിച്ച വാർത്ത എന്തേ ഒറ്റ ദിവസംകൊണ്ട് അവസാനിച്ചു?

ഭരണകൂടവും പോലീസും മാധ്യമങ്ങളും ചേർന്ന് മുന്നണിയുണ്ടാക്കി തരവും തഞ്ചവും നോക്കി നടത്തുന്ന ഏർപ്പാടുകളല്ല ഭീകരാക്രമണങ്ങളും ഏറ്റുമുട്ടലുകളുമെങ്കിൽ ഇപ്പോഴത്തെ സംഭവത്തിൽ ഉൾപ്പെട്ടവരെ കുറിച്ച് അജ്മൽ കസബിന്റെ കേസ് ഫയലിനു തുല്യമായ ഒരെണ്ണം ഇന്ത്യ പാകിസ്താനിലേക്ക് അയച്ചേ മതിയാവൂ. പാകിസ്താനിലേക്കു മാത്രമല്ല അമേരിക്കയിലേക്കും ബ്രിട്ടനിലേക്കും ഫ്രാൻസിലേക്കുമൊക്കെ അയച്ചു കൊടുക്കണം. പാക് ഭീകരരെ കുറിച്ച് എല്ലാവരും വിധി പ്രഖ്യാപിക്കട്ടെ. അജ്മൽ കസബും ഫാറൂഖും അബൂ ഇസ്മാഈലുമൊക്കെ ചേർന്ന് നടത്തുന്ന ഈ അതിക്രമങ്ങളിൽ വലുപ്പച്ചെറുപ്പം കാണേണ്ട കാര്യവുമില്ലല്ലോ. എല്ലാവരും ഭീകരരും എല്ലാവരുടെ ലക്ഷ്യവും ഭീകരതയുമാണ്. പക്ഷേ എന്തോ ഒന്ന് മറച്ചു പിടിക്കാനോ കുറച്ചു കാണിക്കാനോ മുഖർജിയും കൂട്ടരും പ്രയാസപ്പെടുന്നതു പോലെയുണ്ട്. യു.പി പോലീസിനും ദൽഹി സ്പെഷ്യൽ സ്ക്വാഡിനും അബദ്ധം പറ്റിയെന്ന് ആളുകളെ കൊണ്ട് പറയിക്കാൻ ഇടവരുത്തുന്നതാണ് ഈ അനവസരത്തിലുള്ള മൗനം.

ഇന്ത്യയിലെയും വിദേശങ്ങളിലെയും ചില ഒറ്റപ്പെട്ട മാധ്യമങ്ങൾ ഈ സംഭവത്തെ സംശയാസ്പദമായി ചിത്രീകരിക്കുന്നത് കേന്ദ്രസർക്കാർ അങ്ങേയറ്റം ഗൗരവത്തോടെയാണ് കണക്കിലെടുക്കേണ്ടത്. എല്ലാ റിപ്പബ്ലിക് ദിനങ്ങളോടനുബന്ധിച്ചും ഇത്തരം വ്യാജ ഏറ്റുമുട്ടലുകളും അറസ്റ്റുകളും ഇന്ത്യയിൽ പതിവാണെന്ന് അന്താരാഷ്ട്ര വാർത്താ ഏജൻസിയായ *റോയിട്ടേഴ്സ്* റിപ്പോർട്ടു ചെയ്യുന്നു. കഴിഞ്ഞ 10 മാസത്തിനിടയിൽ ദൽഹിയിൽ നടന്ന രണ്ട് ഏറ്റുമുട്ടലുകളും ഇതേ കുറ്റിക്കാട്ടിന് സമീപമായിരുന്നുവെന്ന് *ടൈംസ് ഓഫ് ഇന്ത്യ* ചൂണ്ടിക്കാട്ടുന്നു. റിപ്പബ്ലിക് ദിനത്തിന്റെ തലേദിവസം പോലീസ് ആരെയെങ്കിലും വെടിവെച്ചു കൊല്ലുകയോ പിടികൂടുകയോ ചെയ്തിരുന്നില്ലെങ്കിലാണ് ഇന്ത്യക്കാർക്ക് അത്ഭുതം ഉണ്ടാവുമായിരുന്നതെന്ന് *മെയിൽ ടുഡെ* റിപ്പോർട്ടു ചെയ്യുന്നു. ഒരു പൊതുതെരഞ്ഞെടുപ്പിനെ നേരിടാനൊരുങ്ങുന്ന കോൺഗ്രസ് സർക്കാറിന് ഇനിയെങ്കിലും പോലീസിനെ നിലക്കു നിർത്തിക്കൂടെ? ■